LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

50 (356) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണക്ടിവിറ്റി വളരെക്കുറഞ്ഞ മലയോര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ കോളനികളിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതും തീരെ കുറഞ്ഞതുമായ 1034 കോളനികളുടെ വിവരങ്ങൾ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി ഐ.ടി. വകുപ്പിന് കൈമാറി വിവിധ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർമാരുമായി ബന്ധപ്പെട്ട് നെറ്റ് കണക്ടിവിറ്റി ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പേരാമ്പ്ര മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

51 (357) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ പഞ്ചായത്തിൽ മുതുകാട് എന്ന സ്ഥലത്ത് റവന്യൂ വകുപ്പിൽനിന്നും പട്ടികജാതി ക്ഷേമ വകുപ്പിന് അഞ്ച് ഏക്കർ സ്ഥലം കൈമാറി കിട്ടിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽനിന്നും 16.48 കോടി രൂപ അനുവദിച്ച് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന് പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

16.48 കോടി രൂപ ചെലവിൽ പ്രസ്തുത സ്ഥലത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് KIIFB-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള SPV ആയി തെരഞ്ഞെടുത്തിരിക്കുന്നത് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേനയാണ് (KSCC).

(സി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദാംശം ലഭ്യമാക്കാമോ?